"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റ് ചെയ്യുക" എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം'" എന്ന പ്രവൃത്തിയുടെ ഭരണാനുമതി - ഭേദഗതിചെയ്ത് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.153/2024/LSGD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. 04.11.2020 തീയതിയിലെ സ.ഉ.(കൈ) നം.170/2020/തസ്വഭവ.
2. 10.11.2020 തീയതിയിലെ സ.ഉ.(സാധാ) നം.2245/2021/തസ്വഭവ.
3. 24.08.2024 തീയതിയിലെ സ.ഉ.(കൈ) നം.111/2024/തസ്വഭവ.
4. തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 02.07.2024, 10.09.2024 തീയതികളിലെ DB4/12568/RKI(492)20/CE/LSGD VOL.II നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ല പ്രകാരം "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം" എന്ന പ്രവൃത്തിയ്ക്ക് 6 ലക്ഷം രൂപയുടെയും "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റ് ചെയ്യുക " എന്ന പ്രവൃത്തിയ്ക്ക് 10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു.

(2). പ്രസ്തുത പ്രവൃത്തികളുടെ പേരിലെ സാമ്യം കാരണം *"തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം"* എന്ന പ്രവൃത്തിയ്ക്ക് 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചതായും, എന്നാൽ പ്രവൃത്തിയുടെ പേര് എസ്റ്റിമേറ്റിൽ തെറ്റായി രേഖപ്പെടുത്തിയത് കാരണം നിലവിൽ 10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ബിൽ തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യമാണെന്നും രണ്ടു പ്രവൃത്തികളും ഒരേ റോഡിലായതിനാലും "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം" എന്ന പ്രവൃത്തി ടി റോഡിൽ പൂർത്തീകരിച്ചിട്ടുള്ളതിനാലും 10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിരുന്ന "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റ് ചെയ്യുക" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം 6 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുത്തുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം" എന്ന പ്രവൃത്തിയുടെ ഭരണാനുമതി 10 ലക്ഷം രൂപയായി ഭേദഗതി ചെയ്യണമെന്നും ആവശ്യപ്പെട്ട് തദ്ദേശ സ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സൂചന (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

(3). സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 10 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകിയ "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ മുള്ളുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെയുള്ള റോഡ് മണ്ണിട്ട് ഉയർത്തി കോൺക്രീറ്റ് ചെയ്യുക" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരം 6 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ള "തലവടി ഗ്രാമപഞ്ചായത്ത് വാർഡ് 12 ൽ ചെത്തിപ്പുരയ്ക്കൽ സ്കൂളിന് സമീപം മുള്ളുക്കുഴിപ്പടി മുതൽ പുന്നപ്പാടം വരെ നടപ്പാത നിർമ്മാണം"എന്ന പ്രവൃത്തിയ്ക്ക് 10 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 26-10-2024 14:43:14

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി തലവടി ഗ്രാമപഞ്ചായത്ത്.
ട്രഷറി ഡയറക്ടർ.
ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.